**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 759** **30-01-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കരാറുകൾ നിർത്തലാക്കിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ ഉണ്ടായിരുന്ന ദീർഘകാല വൈദ്യുതി കരാറുകൾ നിർത്തലാക്കിയ നടപടി പിൻവലിച്ച് അതേ കമ്പനികളുമായി വീണ്ടും കരാർ ഉണ്ടാക്കുവാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിലുള്ള ദീർഘകാല വൈദ്യുതി കരാറുകൾ നിർത്തലാക്കുകയോ വീണ്ടും കരാർ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ, 565 MW വൈദ്യുതി വാങ്ങുന്നതിന് 2014-15-ൽ ഒപ്പുവച്ച ദീർഘകാല കരാറുകൾക്ക് അംഗീകാരം നല്കണമെന്ന KSEBL-ന്റെ ആവശ്യം നിരസിച്ചുകൊണ്ട് 10.05.2023 ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>കമ്മീഷന്റെ 10.05.2023- ലെ ഉത്തരവിന്റെ ഫലമായി സംസ്ഥാനത്ത് ഉണ്ടാകുന്ന വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് interim arrangement നടത്തുന്നതിനുള്ള അനുമതിക്കായി കെ.എസ്.ഇ.ബി.എൽ കമ്മീഷനെ സമീപിക്കുകയും 75 ദിവസം വരെ സാവകാശം നൽകി 07.06.2023-ൽ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത കരാറുകാരിൽ നിന്നും തുടർന്നും വൈദ്യുതി വാങ്ങുവാൻ കമ്മീഷൻ അനുവദിയ്ക്കുകയുണ്ടായി. ആയത് 31.12.2023 വരെ കമ്മീഷൻ ദീർഘിപ്പിച്ചു നൽകിയെങ്കിലും കരാർ പ്രകാരമുള്ള വൈദ്യുതി നല്കാൻ ഉത്പാദകർ തയ്യാറായില്ല. 29.12.2023 ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാർ പ്രകാരമുള്ള നിരക്കിൽ തന്നെ വൈദ്യുതി നൽകണമെന്ന് ഉല്പാദകരോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ കരാർ പ്രകാരം വൈദ്യുതി നൽകണമെന്ന് കെ.എസ്.ഇ.ബി ലിമിറ്റഡ് ആവശ്യപ്പെട്ടിട്ടും ഇതുവരെ വൈദ്യുതി നല്കാൻ ഉത്പാദകർ തയ്യാറായിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ കമ്മീഷന്റെ 29.12.2023-ലെ ഉത്തരവിൽ നിർദേശിക്കപ്പെട്ടതു പോലെ തുടർന്നും വൈദ്യുതി നൽകുന്നതിനായി ലീഗൽ നോട്ടീസ് പ്രസ്തുത കമ്പനികൾക്ക് നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ് |

| | | | |
|---|---|---|---|
| | | | കരാർ നിരക്കിൽ തന്നെ വൈദ്യുതി നൽകുവാൻ ഉത്പാദകർ തയ്യാറാകാത്തതിനാൽ കൂടിയ വിലക്ക് ഹ്രസ്വകാല കരാർ പ്രകാരം പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി വാങ്ങിയ വകയിൽ കെ.എസ്.ഇ.ബി ലിമിറ്റഡിനു ജൂൺ 2023 മുതൽ നവംബർ 2023 വരെ ഏകദേശം 209 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. പക്ഷേ താരിഫ് വർദ്ധന സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത് റെഗുലേറ്ററി കമ്മീഷൻ ആണ്. |
| (ബി) | ഇപ്രകാരം കരാർ പുതുക്കിയപ്പോൾ പഴയ നിരക്കിൽ വൈദ്യുതി നൽകാൻ കമ്പനികൾ തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ പുതിയ കരാർ പ്രകാരമുള്ള നിരക്ക് വ്യവസ്ഥകൾ എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള ദീർഘകാല വൈദ്യുതി കരാറുകൾ നിർത്തലാക്കുകയോ വീണ്ടും കരാർ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ, 565 MW വൈദ്യുതി വാങ്ങുന്നതിന് 2014-15-ൽ ഒപ്പുവച്ച ദീർഘകാല കരാറുകൾക്ക് അംഗീകാരം നല്കണമെന്ന KSEBL-ന്റെ ആവശ്യം നിരസിച്ചുകൊണ്ട് 10.05.2023 ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചരുന്നു.<br><br>കമ്മീഷന്റെ 10.05.2023- ലെ ഉത്തരവിന്റെ ഫലമായി സംസ്ഥാനത്ത് ഉണ്ടാകുന്ന വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് interim arrangement നടത്തുന്നതിനുള്ള അനുമതിക്കായി കെ.എസ്.ഇ.ബി.എൽ കമ്മീഷനെ സമീപിക്കുകയും 75 ദിവസം വരെ സാവകാശം നൽകി 07.06.2023-ൽ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത കരാറുകാരിൽ നിന്നും തുടർന്നും വൈദ്യുതി വാങ്ങുവാൻ കമ്മീഷൻ അനുവദിയ്ക്കുകയുണ്ടായി. ആയത് 31.12.2023 വരെ കമ്മീഷൻ ദീർഘിപ്പിച്ചു നൽകിയെങ്കിലും കരാർ പ്രകാരമുള്ള വൈദ്യുതി നല്കാൻ ഉത്പാദകർ തയ്യാറായില്ല. 29.12.2023 ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാർ പ്രകാരമുള്ള നിരക്കിൽ തന്നെ വൈദ്യുതി നൽകണമെന്ന് ഉല്പാദകരോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ കരാർ പ്രകാരം വൈദ്യുതി നൽകണമെന്ന് കെ.എസ്.ഇ.ബി ലിമിറ്റഡ് ആവശ്യപ്പെട്ടിട്ടും ഇതുവരെ വൈദ്യുതി നല്കാൻ ഉത്പാദകർ തയ്യാറായിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ കമ്മീഷന്റെ 29.12.2023-ലെ ഉത്തരവിൽ നിർദേശിക്കപ്പെട്ടതു പോലെ തുടർന്നും വൈദ്യുതി നൽകുന്നതിനായി ലീഗൽ നോട്ടീസ് പ്രസ്തുത കമ്പനികൾക്ക് നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്<br><br>കരാർ നിരക്കിൽ തന്നെ വൈദ്യുതി നൽകുവാൻ ഉത്പാദകർ തയ്യാറാകാത്തതിനാൽ കൂടിയ വിലക്ക് |

| | | | |
|---|---|---|---|
| | | | ഹ്രസ്വകാല കരാർ പ്രകാരം പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി വാങ്ങിയ വകയിൽ കെ.എസ്.ഇ.ബി ലിമിറ്റഡിനു ജൂൺ 2023 മുതൽ നവംബർ 2023 വരെ ഏകദേശം 209 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. പക്ഷേ താരിഫ് വർദ്ധന സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത് റെഗുലേറ്ററി കമ്മീഷൻ ആണ്. |
| (സി) | നിലവിൽ ഉണ്ടായിരുന്ന കരാർ റദ്ദാക്കിയത് മൂലം എത്ര കോടി രൂപയുടെ അധിക ബാധ്യതയാണ് ഉണ്ടായിട്ടുള്ളത്; ഈ ബാധ്യത ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുവാനാണോ ഉദ്ദേശിക്കുന്നത്; പ്രസ്തുത ബാധ്യത പരിഹരിക്കുന്നതിന് വൈദ്യുതി നിരക്കിൽ എത്ര രൂപയുടെ വർദ്ധന വരുത്തണമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | നിലവിലുള്ള ദീർഘകാല വൈദ്യുതി കരാറുകൾ നിർത്തലാക്കുകയോ വീണ്ടും കരാർ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ, 565 MW വൈദ്യുതി വാങ്ങുന്നതിന് 2014-15-ൽ ഒപ്പുവച്ച ദീർഘകാല കരാറുകൾക്ക് അംഗീകാരം നല്കണമെന്ന KSEBL-ന്റെ ആവശ്യം നിരസിച്ചുകൊണ്ട് 10.05.2023 ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>കമ്മീഷന്റെ 10.05.2023- ലെ ഉത്തരവിന്റെ ഫലമായി സംസ്ഥാനത്ത് ഉണ്ടാകുന്ന വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് interim arrangement നടത്തുന്നതിനുള്ള അനുമതിക്കായി കെ.എസ്.ഇ.ബി.എൽ കമ്മീഷനെ സമീപിക്കുകയും 75 ദിവസം വരെ സാവകാശം നൽകി 07.06.2023-ൽ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത കരാറുകാരിൽ നിന്നും തുടർന്നും വൈദ്യുതി വാങ്ങുവാൻ കമ്മീഷൻ അനുവദിയ്ക്കുകയുണ്ടായി. ആയത് 31.12.2023 വരെ കമ്മീഷൻ ദീർഘിപ്പിച്ചു നൽകിയെങ്കിലും കരാർ പ്രകാരമുള്ള വൈദ്യുതി നല്കാൻ ഉത്പാദകർ തയ്യാറായില്ല. 29.12.2023 ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാർ പ്രകാരമുള്ള നിരക്കിൽ തന്നെ വൈദ്യുതി നൽകണമെന്ന് ഉല്പാദകരോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ കരാർ പ്രകാരം വൈദ്യുതി നൽകണമെന്ന് കെ.എസ്.ഇ.ബി ലിമിറ്റഡ് ആവശ്യപ്പെട്ടിട്ടും ഇതുവരെ വൈദ്യുതി നല്കാൻ ഉത്പാദകർ തയ്യാറായിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ കമ്മീഷന്റെ 29.12.2023-ലെ ഉത്തരവിൽ നിർദേശിക്കപ്പെട്ടതു പോലെ തുടർന്നും വൈദ്യുതി നൽകുന്നതിനായി ലീഗൽ നോട്ടീസ് പ്രസ്തുത കമ്പനികൾക്ക് നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്<br><br>കരാർ നിരക്കിൽ തന്നെ വൈദ്യുതി നൽകുവാൻ ഉത്പാദകർ തയ്യാറാകാത്തതിനാൽ കൂടിയ വിലക്ക് ഹ്രസ്വകാല കരാർ പ്രകാരം പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി വാങ്ങിയ വകയിൽ |

| | | | |
|---|---|---|---|
| | | | കെ.എസ്.ഇ.ബി ലിമിറ്റഡിനു ജൂൺ 2023 മുതൽ നവംബർ 2023 വരെ ഏകദേശം 209 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. പക്ഷേ താരിഫ് വർദ്ധന സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത് റെഗുലേറ്ററി കമ്മീഷൻ ആണ്. |

സെക്ഷൻ ഓഫീസർ